(ബി) ഏതൊക്കെ തസ്തികകളിലാണ് റാങ്ക് ലിസ്റ്റ് നിലവിലുള്ളത് ; ഇവ ഓരോന്നിന്റെയും കാലാവധി എന്നത്തേക്ക് അവസാനിക്കും ;

(സി) നിലവിലുള്ള ഒഴിവുകളിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് ഇത്തരം നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സ്റ്റാഫ് നഴ്സ് - 8 ഒഴിവുകൾ

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 5 "

(ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.)

ജെ.പി.എച്ച്.എൻ. - 30 ഒഴിവുകൾ

(പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്)

(ബി) സ്റ്റാഫ് നഴ്സ് ഫാർമസിസ്റ്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. കാലാവധി അവസാനിക്കുന്ന തീയതി പി.എസ്.സി. അറിയിച്ചിട്ടില്ല.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) എക്സ്റേ ടെക്നീഷ്യൻ, റേഡിയോഗ്രാഫർ, ജെ.പി.എച്ച്.എൻ. എന്നീ തസ്തികകളിൽ താൽക്കാലിക നിയമനം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിന് നടപടി

157 (3111) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ സെക്കന്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രൊമോഷൻ തസ്തികകളിലേക്ക് അർഹമായ പ്രൊമോഷൻ നടത്താത്തതുമൂലം പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കേണ്ടവർക്ക് നിയമനം നൽകാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം പരിശോധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളിലേക്ക് എത്രയും വേഗം നിയമനം നടത്താനുള്ള അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഒരു ഒഴിവുണ്ട്. പ്രസ്തുത ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പൂർത്തീകരിക്കാത്തതിനാലാണ് പ്രൊമോഷൻ നൽകാൻ കഴിയാത്തത്. എന്നാൽ, ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സംയോജിപ്പിക്കേണ്ടതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയില്ല.

(സി) ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സംയോജിപ്പിക്കേണ്ടതിനാൽ, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയില്ല. ഇതു സംബന്ധിച്ച് 18-12-2002-ലെ 44865/സി2/02/ ആ.കു.വ. നമ്പർ കത്തുപ്രകാരം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാരിന്റെ അനുവാദം തേടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 പ്രൊമോഷൻ

158 (3112) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 പ്രൊമോഷൻ എത്രപേർക്ക് നൽകിയിട്ടുണ്ട് ; ഇനി എത്ര പേർക്കുകൂടി നൽകുവാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ഒഴിവുകൾ എത്രയെണ്ണമുണ്ട് ;

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2-ന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 10-7-1997-ൽ പ്രസിദ്ധീകരിച്ച രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മുഴുവൻ പേർക്കും ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) 381 ഒഴിവുകൾ.

LIBRARY ARCHIVES Kerala Legislative Assembly